# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

**<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മപദ്ധതി</u>**

5435 ശ്രീ. വി.ഡി. സതീശൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലും വ്യവസായ വകുപ്പിലും ഇതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നറിയാൻ ഗവൺമെന്റ് തലത്തിൽ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം</u>

5436 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ എത്ര രൂപയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ;

(സി) അടിയന്തിര പുനരുദ്ധാരണം ആവശ്യമായ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കാൻ നടപടി</u>

5437 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനം ഏതാണെന്നും ഏറ്റവും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനം ഏതാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കാനായി ഓരോ സ്ഥാപനത്തിനും എന്തു തുക ഓരോ വർഷവും അനുവദിച്ചുവെന്നു വ്യക്തമാക്കുമോ?

# **കേരള നിയമസഭ**
## **01.07.2014-ലെ മറുപടിക്ക്**

പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

5438 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൂട്ടിക്കിടന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വ്യവസായ രംഗത്ത് പ്രവാസി നിക്ഷേപകരെ ആകർഷിക്കുന്നതിന് നടപടികൾ</u>

5439 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് പ്രവാസി നിക്ഷേപകരെ ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രവാസി വ്യവസായികൾക്കു നൽകുന്ന അനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ നിക്ഷേപ പദ്ധതികൾ</u>

5440 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കോടി രൂപയുടെ വ്യാവസായിക നിക്ഷേപം നേടിയെടുക്കാൻ കഴിഞ്ഞുവെന്ന് വർഷം തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) ഈ കാലയളവിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും അവയിൽ യാഥാർത്ഥ്യമായവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ ആരംഭിച്ച കേന്ദ്ര പൊതുമേഖലാ പദ്ധതികളും അവയുടെ മുതൽ മുടക്കും എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സ്റ്റാർട്ടപ് സംരംഭകർക്കായി പദ്ധതികൾ</u>

5441 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ് സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി വ്യവസായവകുപ്പും, വിവരസങ്കേതിക വകുപ്പും നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെ എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതികളിലൂടെ നവ വ്യവസായ സംരംഭങ്ങൾക്ക് നൽകി വരുന്നത്;

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) വ്യവസായം ആരംഭിക്കുവാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുന്ന വിധത്തിൽ ഏകജാലക സംവിധാനം വ്യവസായവകുപ്പിൽ ഏര്പ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>മിഷന്‍ 676 - വ്യവസായ വകുപ്പിലെ പദ്ധതികള്‍</u>

5442 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ വകുപ്പുമന്ത്രിയുടെ ഭരണച്ചുമതലയുള്ള ഏതെല്ലാം വകുപ്പുകളില്‍ എന്തെല്ലാം പദ്ധതികളാണ് ''മിഷന്‍ 676'' ല്‍ ഉള്‍പ്പെടുത്തി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികള്‍ക്കായി എന്തു തുക ആവശ്യമായി വരുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി</u>

5443 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖല വഴി എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്;

(ബി) തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പരമ്പരാഗത വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്താൻ തയ്യാറാകുമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ</u>

5444 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നയത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഐ. ടി. വ്യവസായ മേഖലകളിൽ നിലവിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യ വികസന രംഗത്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കി സ്വകാര്യ മേഖലയ്ക്ക് എന്ത് സഹായ വാഗ്ദാനങ്ങളാണ് നൽകാൻ പോകുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഐ. ടി., വ്യവസായ അടിസ്ഥാന സൗകര്യ വികസന രംഗത്ത് വൻ സംരംഭങ്ങളിൽ ഏർപ്പെട്ട സഹകരണ സ്ഥാപനങ്ങളെ സഹായിക്കുന്ന നിലപാട് സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>വ്യാപാര വാണിജ്യ കേന്ദ്രങ്ങൾ</u>

5445 ശ്രീ. സി.പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, റ്റി.എൻ പ്രതാപൻ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാര-വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസംസ്കരണ മിഷൻ പദ്ധതി</u>

5446 ശ്രീ. കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിൻഫ്രായുടെ നേതൃത്വത്തിൽ ഭക്ഷ്യസംസ്കരണ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് വേണ്ടി ലഭ്യമായതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കൊച്ചി മംഗലാപുരം പ്രകൃതി വാതക പൈപ്പ്ലൈൻ നടപടികൾ</u>

T5447 ശ്രീ. ഇ.പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, കെ.കെ. നാരായണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗലാപുരം പ്രകൃതി വാതക പൈപ്പ്ലൈൻപദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായ ആശങ്ക ദുരീകരിക്കുന്നതിനും ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കി ലൈൻ സ്ഥാപിക്കുന്നതിനായി ശ്രമിക്കുമോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വിശദമാക്കാമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>ഗെയ്ലിന്റെ പൈപ്പിടൽ പദ്ധതി</u>

5448 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ. എം. ആരിഫ്
,, സാജു പോൾ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗെയ്ലിന്റെ പൈപ്പിടൽ പദ്ധതിയുടെ പുരോഗതി സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) ഗെയ്ലിന്റെ പൈപ്പിടൽ പദ്ധതിയിലെ കാലതാമസം ഏതെല്ലാം രീതിയിലുള്ള വ്യാവസായിക പ്രതിസന്ധി ഉണ്ടാക്കുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൈപ്പിടൽ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും ഇന്നത്തെ സ്ഥിതിയിൽ ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പൈപ്പിടൽ പദ്ധതിക്ക് പ്രധാന തടസ്സം എന്താണെന്നും അത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി</u>

5449 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് ഹൈ സപീഡ് റെയിൽ കോറിഡോർ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഹൈ സ്പീഡ് റെയിൽ കോറിഡോർ പദ്ധതിയ്ക്കായി എത്ര രൂപയാണ് അനുവദിച്ചിരുന്നത്;

(സി) പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>എൽ.എൻ.ജി ടെർമിനലിന്റെ പ്രവർത്തനോദ്ഘാടനം</u>

5450 ശ്രീ. എം.എ. വാഹിദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എൻ.ജി ടെർമിനലിന്റെ പ്രവർത്തനോദ്ഘാടനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വികസന കുതിപ്പിനും നിക്ഷേപ സൗഹൃദത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) ടെർമിനലിനെ പൂർണ്ണമായി ഉപയോഗിക്കുന്നതിന് സ്വീകരിക്കേണ്ടുന്ന നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കൊച്ചി എൽ.എൻ.ജി. ടെർമിനലിന്റെ പ്രവർത്തനം</u>

T5451 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ബി.ഡി. ദേവസ്സി
,, കെ.വി. അബ്ദുൾ ഖാദർ
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി എൽ.എൻ.ജി. ടെർമിനലിന്റെ പ്രവർത്തനം ആരംഭിക്കാത്തത് എന്തു കൊണ്ടാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; പദ്ധതി നേരിടുന്ന പ്രതിസന്ധി എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) പദ്ധതി ലക്ഷ്യമിട്ട ഉല്പാദനവും നിലവിലുള്ള സ്ഥിതിയും സംബന്ധിച്ച് വിശദമാക്കാമോ; പെട്രോനെറ്റ് ഇന്ത്യ പദ്ധതി പ്രവർത്തനം ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നു; പ്രകൃതി വാതകത്തിന്റെ പ്രധാന ഉപഭോക്താക്കൾ ഏതെല്ലാം സ്ഥാപനങ്ങളാണ്; എൽ.എൻ.ജി. വിതരണ സംവിധാനത്തിന്റെ നിജസ്ഥിതി വിശദമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കെ.എം.എം.എല്ലിനെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് പദ്ധതികൾ

5452 ശ്രീ. എം. എ. ബേബി
,, പി. കെ. ഗുരുദാസൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനേജ്മെന്റിന്റെ കാര്യശേഷിയില്ലായ്മ ചില പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് ആക്കം കൂട്ടുന്നുവെന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ. ഇപ്പോൾ തകർച്ചയിലെത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കെ.എം.എം.എൽ.നെ സംരക്ഷിക്കുന്നതിന് കഴിഞ്ഞ ഭരണകാലത്ത് കൊണ്ടുവന്ന വികസന പദ്ധതികൾ തുടരുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കാത്തതാണ് കെ.എം.എം.എൽ-ന്റെ തകർച്ചയ്ക്ക് കാരണമായതെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ഡി) കെ.എം.എം.എല്ലിനെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ലാഭനഷ്ടക്കണക്കുകൾ</u>

5453 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് എന്ന സ്ഥാപനം ലാഭത്തിൽ ആണോ പ്രവർത്തിക്കുന്നത്;

(ബി) ആണെങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പ്രസ്തുത സ്ഥാപനം നേടിയ ലാഭം എത്രയാണെന്ന് വർഷം തിരിച്ചു വിശദമാക്കുമോ;

(സി) അല്ലെങ്കിൽ ഉണ്ടായ നഷ്ടം എത്രയാണെന്ന് വർഷം തിരിച്ചു ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് ഇഞ്ചിനീയറിംഗ് കമ്പനി</u>

5454 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് ഇഞ്ചിനീയറിംഗ് കമ്പനിയുടെ (കെ.ഇ.എൽ) കീഴിൽ കേരളത്തിലാകെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ യൂണിറ്റുകളിലായി മൊത്തം എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുണ്ടറ യൂണിറ്റിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 2011-2012 സാമ്പത്തിക വർഷത്തിൽ (കെ.ഇ.എൽ) ന്റെ കുണ്ടറ യൂണിറ്റിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും പ്രൊവിഡന്റ് ഫണ്ട് വിഹിതവും നൽകാനുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കെ.ഇ.എൽ തൊഴിലുടമാവിഹിതം അടയ്ക്കാതിരുന്നതുകൊണ്ടാണ് ഈ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും പ്രൊവിഡന്റ് ഫണ്ട് വിഹിതവും കിട്ടാതിരുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ചാൽ മാത്രമേ കെ.ഇ.എൽ ന് തൊഴിലുടമാവിഹിതവും മറ്റും അടയ്ക്കുവാൻ കഴിയുകയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായെന്ന് വ്യക്തമാക്കുമോ;

(ജി) എങ്കിൽ ഇതിനായി പ്രത്യേക ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വ്യവസായ വികസന കോർപ്പറേഷന്റെ വികസന പദ്ധതികൾ</u>

5455 ശ്രീ.എം. പി. വിൻസെന്റ്
'' ലൂഡി ലൂയിസ്
'' ഡൊമിനിക് പ്രസന്റേഷൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസന കോർപ്പറേഷൻ വ്യവസായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളും സവിശേഷതകളുമാണ് പദ്ധതികൾക്കുള്ളതെന്ന് വിശദമാക്കുമോ;

(സി) എത്ര പദ്ധതികൾക്കാണ് കോർപ്പറേഷൻ രൂപം നൽകിയതെന്ന് വിശദമാക്കുമോ;

(ഡി) എത്ര വ്യവസായ പദ്ധതികളിൽ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സിഡ്കോ നടപ്പാക്കുന്ന പദ്ധതികൾ</u>

5456 ശ്രീ. പി. ഉബൈദുള്ള
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എൻ. എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിഡ്കോ ചെറുകിടവ്യവസായമേഖലയ്ക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കുമോ;

(സി) ചെറുകിട വ്യവസായങ്ങളിൽനിന്നുള്ള ഉൽപന്നങ്ങളുടെ വിപണനത്തിന് എന്തൊക്കെ സൗകര്യങ്ങളും സൗജന്യങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>തൃശ്ശൂർ ജില്ലയിലെ വ്യവസായ സംരംഭങ്ങൾ</u>

5457 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയും അല്ലാത്തവയുമായ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും 2013-14 സാമ്പത്തിക വർഷത്തിൽ ഈ സ്ഥാപനങ്ങൾ കൈവരിച്ച ലാഭ നഷ്ടക്കണക്കുകളും പ്രത്യേകം അറിയിക്കുമോ;

(സി) വ്യവസായ വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>മാവേലിക്കരയിൽ വ്യവസായ ആവശ്യങ്ങൾക്കായി നൽകിയ ഭൂമി</u>

5458 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ വ്യവസായ ആവശ്യങ്ങൾക്കായി നൽകിയ ഭൂമിയിൽ നാളിതുവരെയും വ്യവസായം ആരംഭിക്കാത്തവർ എത്രയെന്നു വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇവരിൽ നിന്നും ഭൂമി തിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മാവേലിക്കരയിൽ വ്യവസായം ആരംഭിക്കാത്തവരിൽ നിന്നും തിരികെ ലഭിക്കേണ്ട ഭൂമിയുടെ കണക്ക് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായിക വികസനം

5459 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായിക വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വ്യവസായ വകുപ്പിന് കീഴിൽ ഒറ്റപ്പാലം മണ്ഡലത്തിൽ ആരംഭിക്കുന്ന കിൻഫ്ര പാർക്കിന്റെ കാലിക സ്ഥിതി വിശദമാക്കാമോ;

(സി) നിർദ്ദിഷ്ട കിൻഫ്ര പാർക്കിൽ ഐ.ടി അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മണ്ഡലത്തിലുൾപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ</u>

5460 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് വ്യവസായ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ</u>

5461 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) 2014-2015 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) മിഷൻ 676-ൽ കോഴിക്കോട് ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

"നിർദ്ദേശ്" പദ്ധതി

T5462 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാലിയത്ത് പ്രതിരോധ വകുപ്പ് സ്ഥാപിക്കാനുദ്ദേശിച്ച "നിർദ്ദേശ്" പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട പദ്ധതിയുടെ പരിസരത്ത് താമസിക്കുന്നവർക്കായി നിർദ്ദേശിച്ച പാക്കേജ് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ നടപടികൾ ഉടൻ കൈക്കൊള്ളുമോ ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ വ്യവസായ പാർക്കിലെ വ്യവസായ സംരംഭങ്ങൾ</u>

5463 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ വ്യവസായ പാർക്കിൽ എത്ര വ്യവസായ സംരംഭകർക്ക് പ്ലോട്ടുകൾ അനുവദിച്ചുവെന്നും അവയിൽ എത്രയെണ്ണം പൂർണ്ണമായി പ്രവർത്തനം ആരംഭിച്ചുവെന്നും പറയാമോ;

(ബി) അനുവദിച്ച പ്ലോട്ടുകളിൽ പ്രവർത്തന ക്ഷമമാവാൻ അവശേഷിക്കുന്നവ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ പാർക്കിലെ എല്ലാ പ്ലോട്ടുകളിലും വ്യവസായ സംരംഭങ്ങൾ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ്

5464 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ് 2011-12, 2012-13 വർഷങ്ങളിൽ എത്ര തുക വീതം നഷ്ടത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം ഈ കമ്പനിയുടെ ശേഷി പൂർണ്ണമായി ഉപയോഗിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കമ്പനിക്ക് പ്രവർത്തന മൂലധനം നല്കാൻ നടപടി കൈക്കൊള്ളുമോ;

(ഡി) സ്റ്റീൽ - കോംപ്ലക്സ് - സെയിൽ സംയുക്ത സംരംഭ കരാറനുസരിച്ച്, റീ-റോളിംഗ് മിൽ സ്ഥാപിക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

പരുമല സ്ട്രോ ബോർഡ് ഫാക്ടറി

5465 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരുമല സ്ട്രോ ബോർഡ് ഫാക്ടറിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പുന:രുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ശ്രീ. കെ. എൻ. രവീന്ദ്രന്റെ പെൻഷൻ ആനുകൂല്യങ്ങൾ</u>

5466 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചേർത്തല സിൽക്ക് സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽ 1981-ൽ ജോലിയിൽ പ്രവേശിച്ച് 2013 നവംബറിൽ ഡെപ്യൂട്ടി എൻജിനിയറായി വിരമിച്ച ശ്രീ. കെ. എൻ. രവിന്ദ്രന് റിട്ടയർമെന്റ് കാലയളവിൽ കമ്പനിയിൽ നിന്നും നൽകേണ്ട ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും പൂർണ്ണമായും നൽകാതിരുന്നത് എന്തുകൊണ്ടായിരുന്നു എന്നു പറയാമോ; ഇദ്ദേഹത്തിന്റെ ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും എത്രയും വേഗം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ധാതുമണൽ ശേഖരം</u>

5467 ശ്രീ. പി. കെ. ഗുരുദാസൻ
,, രാജു എബ്രഹാം
,, ആർ. രാജേഷ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം സമ്പദ്ഘടനയെ തന്നെ മാറ്റിയെടുക്കാൻ കഴിയുന്ന തരത്തിലുള്ള ധാതുമണൽ ശേഖരം പൊതുമേഖലയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ധാതുമണൽ ശേഖരം പ്രയോജനപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തു നിന്ന് വൻതോതിൽ ധാതുമണൽ അയൽ സംസ്ഥാനത്തു നിന്നുള്ള സ്വകാര്യവ്യക്തികൾ കടത്തിക്കൊണ്ടുപോകുന്നുവെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഖനനങ്ങൾക്ക് നിയന്ത്രണം</u>

5468 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചരൽമണ്ണ്, ചെങ്കല്ല്, കരിങ്കല്ല്, മണൽ എന്നിവ ഖനനം ചെയ്യുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്ന് എന്തെല്ലാം നിയന്ത്രണങ്ങളും ഉപാധികളുമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം നിയന്ത്രണം മൂലം അനധികൃത ഖനനം തടയാൻ കഴിയുന്നുണ്ടോ;

(സി) സർക്കാർ പദ്ധതികൾ നടപ്പാക്കുന്നതിന് നിർമ്മാണ വസ്തുക്കൾ ലഭ്യമാക്കാൻ നിയന്ത്രണങ്ങളിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ഡി) നിയന്ത്രണം മുലം സർക്കാർ പദ്ധതികൾ ഏതെങ്കിലും മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കരിമണൽ കടത്തിനെതിരെ നടപടി</u>

5469 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനത്തിനായി പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; അവ ഏതൊക്കെ;

(ബി) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട ഏതൊക്കെ പ്രവർത്തനങ്ങളാണ് ഓരോ ഫാക്ടറിയിലും നടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കരിമണൽ തമിഴ്നാട്ടിലേക്ക് വ്യാപകമായി കടത്തുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ഏതൊക്കെത്തരത്തിലുള്ള അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കേസ്സുകളാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>നാദാപുരം നിയോജകമണ്ഡലത്തിലെ ക്വാറികൾ</u>

5470 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്വാറികളിൽ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ള ക്വാറികളുടെ വിശദാംശം നൽകാമോ;

(ഡി) ഏത് മാനദണ്ഡം അനുസരിച്ചാണ് ലൈസൻസ് പുതുക്കി നർകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ അനധികൃത ക്വാറികൾ</u>

5471 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം എത്ര ക്വാറികൾക്കാണ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ക്വാറി അപകടങ്ങളിൽ പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം എത്ര പേരാണ് മരണപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ഡി) ക്വാറി അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെങ്കിലും നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ഇടുക്കി ജില്ലയിൽ സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന പാറക്വാറികൾ

T5472 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ സർക്കാർ അംഗീകാരത്തോടെ എത്ര പാറക്വാറികളാണ് പ്രവർത്തിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇടുക്കിയിലെ അനധികൃത പാറക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

5473 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യവസായ വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കൈത്തറി ഡയറക്ടർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കൈത്തറിമേഖലയിൽ റിവൈവൽ, റിഫോം, റിസ്ട്രക്ച്ചറിംഗ് പദ്ധതി</u>

5474 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി "റിവൈവൽ, റിഫോം, റിസ്ട്രക്ച്ചറിങ്" പദ്ധതി പ്രകാരം എത്ര പ്രാഥമിക സംഘങ്ങൾക്ക് ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന വ്യാവസായിക അടിസ്ഥാനത്തിലുള്ള സഹകരണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ പദ്ധതിയുടെ പരിധിയിൽ ഇവയെക്കുടി ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതിന് നിലവിൽ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ അത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമമുണ്ടാകുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>റിവൈവൽ റീഫോം - റീസ്ട്രക്ചറിംഗ് പാക്കേജ്</u>

5475 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ സംഘങ്ങളിൽ റിവൈവൽ റീഫോം -റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരമുള്ള സഹായത്തിനായി ശുപാർശ ചെയ്യപ്പെട്ട 233 പ്രാഥമിക സംഘങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയിൽ വ്യവസായ കൈത്തറി സഹകരണ സംഘങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സ്കീമിൽപെടുത്തി വ്യക്തിഗത നെയ്ത്തുകാരിൽ എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കൈത്തറി സംഘങ്ങൾക്കുള്ള പുനരുദ്ധാരണ പാക്കേജിന്റെ ആനുകൂല്യം</u>

5476 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പുനരുദ്ധാരണ പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട്ടെ കോമണ്‍ വെല്‍ത്ത് നെയ്ത്ത് ഫാക്ടറിയും ഓഫീസ് കെട്ടിടവും ഏറ്റെടുക്കാനുള്ള ബില്ലിന് കേന്ദ്രാനുമതി</u>

T5477 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട്ടേ കോമണ്‍വെല്‍ത്ത് നെയ്ത്ത് ഫാക്ടറിയും, ഓഫീസ് കെട്ടിടവും ഏറ്റെടുക്കാനുള്ള ബില്ലിന് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍ അതിന് തടസ്സമായിട്ടുള്ള കാര്യങ്ങള്‍ എന്താണ്;

(സി) കേന്ദ്രാനുമതി ലഭിക്കാന്‍ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ഇ ഗവേണൻസ് പദ്ധതി</u>

T5478 ശ്രീ. കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ഗവേണൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ഇലക്ട്രോണിക് പാർക്കുകൾ</u>

5479 ശ്രീ. ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് പാർക്കുകൾ സ്ഥാപിക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇലക്ട്രോണിക് വ്യവസായ മേഖലയുടെ കുതിച്ചുചാട്ടത്തിന് ഇത് എത്രമാത്രം പ്രയോജനകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ഐ. ടി. പാർക്കുകൾ</u>

5480 ശ്രീ. വർക്കല കഹാർ
,, ലൂഡി ലൂയിസ്
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഐ. ടി. പാർക്കുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഐ. ടി. നയത്തിൽ ഇതിനനുകൂലമായി എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പാർക്കുകൾ ആരംഭിക്കുന്നതിന് ഐ. ടി. വകുപ്പ് എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പാർക്കുകൾ ആരംഭിക്കുന്നതുവഴി എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ഇ-ഓഫീസ് സംവിധാനം</u>

5481 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഐ.ടി മിഷന്റെ ആഭിമുഖ്യത്തിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഓഫീസുകളിലാണ് ആദ്യഘട്ടത്തിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സേവനങ്ങളാണ് ഇതു വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി</u>

5482 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റിയുടെ നിർമ്മാണപുരോഗതി തൃപ്തികരമാണെന്ന് വിലയിരുത്തുന്നുണ്ടോ ;

(ബി) സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ഇനിയും പൂർത്തിയാക്കേണ്ടുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സ്മാര്‍ട്ട് സിറ്റി പദ്ധതിയുടെ കരാറില്‍
മാറ്റം വരുത്താന്‍ നടപടി</u>

5483 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്മാര്‍ട്ട് സിറ്റി കരാറില്‍ എന്തെങ്കിലും മാറ്റം വരുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്മാര്‍ട്ട് സിറ്റി നിര്‍മ്മാണത്തിന്റെ ആദ്യഘട്ടം എന്നത്തേക്ക് പൂര്‍ത്തീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്;

(സി) ആദ്യഘട്ട പൂര്‍ത്തീകരണത്തിലൂടെ എത്ര പേര്‍ക്ക് തൊഴില്‍ ലഭിക്കും എന്നാണ് കണക്കാക്കുന്നത്?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ആധാർ വിവരങ്ങൾ ശേഖരിക്കുന്നതിന് നൽകിയ തുക

5484 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാർ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഏതൊക്കെ ഏജൻസികളെയാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഏജൻസികൾക്ക് ഇതുവരെ എന്തു തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഏജൻസികൾ മുഖേന സംസ്ഥാനത്ത് എത്ര പേർക്ക് ആധാർ കാർഡ് നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ഡി) ലക്ഷക്കണക്കിന് മലയാളികളുടെ നിർണ്ണായക വിവരങ്ങൾ കെൽട്രോൺ സ്വകാര്യ കമ്പനിക്ക് കൈമാറിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഇതിന് വിവരസാങ്കേതിക വകുപ്പിന്റെ അറിവുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(എഫ്) കെൽട്രോൺ സ്വകാര്യ കമ്പനിക്ക് എത്ര രൂപ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്വകാര്യ കമ്പനി ഏതാണെന്ന് വ്യക്തമാക്കുമോ;

(ജി) ഇങ്ങനെ സ്വകാര്യ കമ്പനിക്ക് ആധാർ വിവരങ്ങൾ നൽകിയതു വഴി ഐ.ടി മിഷനും കെൽട്രോണും തമ്മിൽ 2011 ജൂൺ 30 ന് ഒപ്പിട്ട കരാർ ലംഘിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത കരാർ ലംഘനം നടത്തിയ എം.ഡി അടക്കമുള്ള കെൽട്രോൺ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഐ) ഇല്ലെങ്കിൽ സർക്കാർ സത്വരമായി ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത</u>

T5485 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുവാനും സർട്ടിഫിക്കറ്റുകളിൽ കൃത്രിമം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാനും എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുളളത് എന്ന് വ്യക്തമാക്കുമോ; അക്ഷയ കേന്ദ്രങ്ങൾ വഴി ഡൗൺലോഡ് ചെയ്ത് നൽകുന്ന സർട്ടിഫിക്കറ്റുകളിൽ കൃത്രിമം നടന്ന ഏതെങ്കിലും സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നു പറയാമോ;

(ബി) ആലപ്പുഴ ജില്ലയിലെ പാണ്ടനാട് വില്ലേജ് ഓഫീസ് പരിധിയിലുളള ഒരു അക്ഷയ കേന്ദ്രത്തിൽ നിന്നും ഡൗൺലോഡ് ചെയ്തു നൽകിയ വരുമാന സർട്ടിഫിക്കറ്റിൽ വില്ലേജ് ഓഫീസർ നൽകിയതല്ലാത്ത വിവരങ്ങൾ ഉൾപ്പെട്ടുവെന്ന സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അക്ഷയകേന്ദ്രങ്ങളിലൂടെ കൃത്രിമമായി സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കാമെന്ന് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നതിനാൽ എന്തെല്ലാം മുൻകരുതലുകൾ റവന്യു വകുപ്പ് എടുക്കുമെന്ന് പറയാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>അക്ഷയകേന്ദ്രങ്ങൾ വഴി നൽകുന്ന സേവനങ്ങൾ</u>

5486 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷയകേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത സേവനങ്ങൾക്ക് നൽകുന്ന സർവ്വീസ് ചാർജ്ജുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അക്ഷയ സെന്ററുകളിലെ ജീവനക്കാർ പ്രത്യേകം പരിശീലനം ലഭിച്ചവരാണോ;

(ഡി) അല്ലായെങ്കിൽ ഇവർക്ക് ഏകീകൃതമായി പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ അക്ഷയ കേന്ദ്രങ്ങൾ</u>

5487 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും സംരംഭകരുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ച അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിയ ഇനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സംരംഭകർക്ക് ഇനിയും ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വഖഫ് സ്വത്ത് കൈയ്യേറ്റം</u>

5488 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഖഫ് സർവ്വെ കമ്മീഷണറെ നിയമിച്ചതിന് ശേഷം എവിടെയെല്ലാം വഖഫ് സ്വത്ത് കൈയ്യേറ്റം കണ്ടെത്തിയിട്ടുണ്ടെന്ന് പറയുമോ;

(ബി) ഇതിൽ എത്ര കേസുകളിൽ കൈയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ടെന്ന് പറയുമോ?